ഉത്തരം

(എ)-(സി) ഈ വിവരം കൃഷിവകുപ്പിൽ ലഭ്യമല്ല.

99 (3424) കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ) കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരള സംസ്ഥാന ഹോർട്ടിക്കൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ, ഓയിൽപാം ഇൻഡ്യാ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള, തിരുവനന്തപുരം റബ്ബർ വർക്സ്, കേരളാ ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, കേരള സംസ്ഥാന നാളികേരവികസന കോർപ്പറേഷൻ, കേരളാ ആഗ്രോ മെഷിനറി കോർപ്പറേഷൻ എന്നിവയാണ് കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ.

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം കൃഷിവകുപ്പിന്റെ കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉണ്ടായിട്ടുള്ള പുരോഗതി ചുവടെ ചേർക്കുന്നു.

1. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ :

1997-98-ൽ ടേൺഓവർ 1496 ലക്ഷം രൂപയായിരുന്നത് 1998-99-ൽ 1960 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇതുമൂലം 1998-99-ൽ കോർപ്പറേഷന് 26.17 ലക്ഷം രൂപ ലാഭം ഉണ്ടായി.

2. കേരളാ സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ :

തിരുവനന്തപുരം മാത്രം കേന്ദ്രീകരിച്ച് ഹരിത സ്റ്റാളുകൾ നടത്തിയിരുന്ന ഹോർട്ടികോർപ്പിന്റെ പ്രവർത്തനം സംസ്ഥാന വ്യാപകമായി വിപുലീകരിക്കുകയും ഇപ്പോൾ സംസ്ഥാനമൊട്ടാകെ 505 ഹരിത സ്റ്റാളുകളും 46 സസ്യ സൂപ്പർ മാർക്കറ്റുകളും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം ഇപ്പോൾ ലാഭകരമായിട്ടുണ്ട്.

3. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ :

നബാർഡ് ഉൾപ്പെടെയുള്ള ധനസഹായസ്ഥാപനങ്ങളിൽനിന്നും മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പയിൽ നാലു കോടിയിൽപ്പരം രൂപ തിരിച്ചടച്ചു. ഇരുട്ടിയിൽ സ്വന്തമായി 2000 ടൺ

LIBRARY ARCHIVES Kerala Legislative Assembly

സംഭരണശേഷിയുള്ള ഗോഡൗൺ നിർമ്മിച്ചു. സുൽത്താൻ ബത്തേരിയിൽ 150 മെട്രിക് ടണ്ണും പത്തനംതിട്ടയിൽ 450 മെട്രിക് ടണ്ണും ചാലക്കുടിയിൽ 1350 മെട്രിക് ടണ്ണും കൽപ്പറ്റയിൽ 1700 മെട്രിക് ടണ്ണും സംഭരണശേഷിയുള്ള അഡീഷണൽ ഗോഡൗണുകൾ നിർമ്മിച്ചു. കാസർഗോഡ് വെയർഹൗസിംഗ് പരിസരത്ത് 18 മുറികളുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകി. 2400 മെട്രിക് ടൺ സംഭരണശേഷിയുള്ള ഒരു ഗോഡൗണിന്റേയും ഷോപ്പിംഗ് കോംപ്ലക്സിന്റേയും നിർമ്മാണം ആറ്റിങ്ങലിൽ പൂർത്തിയായിവരുന്നു. കരുനാഗപ്പള്ളിയിൽ 2700 മെട്രിക് ടൺ സംഭരണശേഷിയുള്ള ഒരു ഗോഡൗണിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. നാളികേര സംസ്ക്കരണകേന്ദ്രത്തിനും ഗോഡൗണിനുംവേണ്ടി പറവൂരിൽ രണ്ട് ഏക്കറോളം സ്ഥലം വിലയ്ക്കുവാങ്ങി നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാരംഭനടപടികൾ ആരംഭിച്ചു. തൃപ്പൂണിത്തുറയിൽ കോർപ്പറേഷൻ വക സ്ഥലം അനധികൃതമായി ഉപയോഗിച്ചുവന്നിരുന്ന സ്വകാര്യ വ്യക്തിയിൽനിന്നും നിയമയുദ്ധത്തിലൂടെ തിരിച്ചു പിടിക്കുന്നതിനും ഇതേസ്ഥലത്തുതന്നെ പൊതുമേഖലയിൽ നടാടെയായി ഒരു കണ്ടെയിനർ ഫ്രൈറ്റ് സ്റ്റേഷൻ ആരംഭിക്കുന്നതിനും കഴിഞ്ഞു. സംസ്ഥാനത്തെ റബ്ബർ കൃഷിക്കാരുടെയും നെൽകൃഷിക്കാരുടെയും രക്ഷയ്ക്കായി സർക്കാർ നിർദ്ദേശപ്രകാരം അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ടുവാങ്ങി വിലയിടിവിനെ തടയുകയും ന്യായമായ വില നൽകി സൂക്ഷിപ്പിനായി സ്വീകരിക്കുകയും ചെയ്തു.

4. <u>ഓയിൽപ്പാം ഇൻഡ്യ ലിമിറ്റഡ്</u> :

മലേഷ്യൻ സാങ്കേതിക വിദ്യയോടെ 18.92 കോടിരൂപ ചെലവിൽ മണിക്കൂറിൽ 20 ടൺ പനങ്കുലകൾ സംസ്ക്കരിക്കുവാൻ ശേഷിയുള്ള ആധുനിക രീതിയിലുള്ള മില്ലിന്റെ പണി ഭാരതീപുരത്ത് 1998 മേയ് മാസത്തിൽ ആരംഭിച്ചു. ഈ മില്ലിന്റെ പണി ഏതാണ്ട് പൂർത്തിയായിരിക്കുകയാണ്. 1996-97 മുതൽ കമ്പനിയുടെ ആദായവും ലാഭവും താഴെപറയും പ്രകാരമാണ്.

വർഷം	*ആദായം (രൂപ ലക്ഷത്തിൽ)*	*ലാഭം (പ്രീ ടാക്സ്)*
1996-97	1222.83	510.50
1997-98	1237.00	410.85
1998-99	1172.34	402.00 (താൽക്കാലികം)

ഭക്ഷ്യഎണ്ണയുടെ ഇറക്കുമതി ലഘൂകരിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനായും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി കർഷകരെ സഹകരിപ്പിച്ച് എണ്ണപ്പനക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് ഓയിൽപാം ഡെവലപ്മെന്റ് പ്രോഗ്രാം. ഈ പദ്ധതിപ്രകാരം കൊല്ലം ജില്ലയിലും പ്രാന്തപ്രദേശങ്ങളിലും ചെറുകിട കർഷകരുടെയിടയിൽ 1000 ഹെക്ടർ സ്ഥലത്ത് സബ്സിഡിയോടുകൂടി എണ്ണപ്പനക്കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും കമ്പനി നടത്തിവ

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. 1997-98 മുതൽ കമ്പനിയുടെ കീഴിലുള്ള തൊടുപുഴയിലെ ഓയിൽപാം സീഡ് ഗാർഡനിൽ അത്യുൽപ്പാദനശേഷിയുള്ള സങ്കര യിനം എണ്ണപ്പന വിത്തുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

5. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള :

ലാറ്റക്സ് സെൻട്രിഫ്യൂജിംഗ് ഫാക്ടറിക്കുള്ള മെഷിനറി 1988-89-ൽ ഇറക്കുമതി ചെയത് ഈ മെഷിനറികൾ സ്ഥാപിച്ച് സെൻട്രിഫ്യൂജിംഗ് ലാറ്റക്സ് ഉണ്ടാക്കി തുടങ്ങി. ഇതിന്റെ ഫലമായി ഫീൽഡ് ലാറ്റക്സ് ആയി വിറ്റിരുന്നപ്പോൾ കോർപ്പറേഷന് പ്രതി വർഷം ഉണ്ടായിക്കൊണ്ടിരുന്ന ഭീമമായ നഷ്ടം ഒഴിവാക്കുവാൻ കഴി ഞ്ഞു. കോർപ്പറേഷന്റെ ഉൽപ്പന്നം മൂല്യവർദ്ധിത ഉൽപ്പന്നമായ സെനക്സ് ആക്കി ഈ കോർപ്പറേഷന്റെ ബ്രാന്റിൽ ഐ.എസ്.ഐ. മാർക്കോടെ ഇൻഡ്യയൊട്ടുക്കുള്ള വിപണികളിൽ വിറ്റഴിക്കുവാൻ സാധിക്കുന്നു. ഇത് കോർപ്പറേഷന് അധിക വരുമാനമുണ്ടാക്കുവാൻ സഹായകമാകുക മാത്രമല്ല ലാറ്റക്സ് വിപണിയിൽ കോർപ്പറേഷന്റെ സാന്നിദ്ധ്യം ഉണ്ടാക്കുവാനും കഴിഞ്ഞു. 1988-ൽ ടാപ്പിംഗ് ആരംഭിച്ച് ഫാമിംഗ് കോർപ്പറേഷനിൽ ഏറ്റവും കൂടിയ ഉൽപ്പാദനം ഉണ്ടാക്കു വാൻ കഴിഞ്ഞു. കോർപ്പറേഷന്റെ നിലയ്ക്കൽ എസ്റ്റേറ്റിൽ മണ്ഡല-മ കര ശബരിമല സീസണുകളിൽ ധാരാളം വാഹനങ്ങൾ പാർക്ക് ചെയ്യാ റുണ്ടായിരുന്നു. ഇപ്പോൾ കോർപ്പറേഷൻ ശാസ്ത്രീയമായ രീതിയിൽ വാഹനങ്ങൾ റബ്ബർമരങ്ങളുടെ ഇടയിൽ പാർക്ക് ചെയ്ത് തുടങ്ങു കയും തീർത്ഥാടകർക്കും വണ്ടിയുമായി വരുന്ന അതിന്റെ ജീവന ക്കാർക്കും പ്രാഥമികാവശ്യങ്ങൾക്കും ഭക്ഷണം കഴിക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും എസ്റ്റേറ്റിന് അകത്തും വെളിയിലും കുടിവെള്ളത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തു. വാഹനങ്ങൾ പാർക്ക് ചെയ്തതിൽ നിന്നും മറ്റുമായി കഴിഞ്ഞ വർഷം 10 ലക്ഷം രൂപ അറ്റാദായം ലഭിക്കുകയുണ്ടായി. കോർപ്പറേഷൻ മന്നം ഷുഗർ മില്ലിനോട് പന്തളത്ത് പാട്ടത്തിന് എടുത്ത സ്ഥലത്തിന്റെ ഏകദേശം 40 ഏക്കർ സ്ഥലത്ത് ഒരു പ്രദർശന പച്ചക്കറിത്തോട്ടം ആരംഭിച്ച് പച്ചക്കറിക്കൃഷികൾ സാരമായി പ്രോത്സാ ഹിപ്പിച്ചു. തൊഴിലാളിക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി കോർപ്പറേ ഷന് സ്വന്തമായ ആശുപത്രികെട്ടിടം പണിയുവാൻ കഴിഞ്ഞു.

6. തിരുവനന്തപുരം റബ്ബർ വർക്സ് :

കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള സർക്കാർ വാഹനങ്ങ ളുടെ ടയറുകൾ സർക്കാർ ഉത്തരവ് പ്രകാരം റീട്രെഡ് ചെയ്തു കൊടു ക്കുന്നു. നിലവിലുള്ള ഉൽപ്പന്നങ്ങൾക്ക് പുറമേ പ്രിക്യൂർസ് ട്രെഡ്, വികലാംഗർക്കുള്ള ട്രൈസൈക്കിൾ എന്നിവ പുതിയതായി ഉൽപ്പാദനം ആരംഭിച്ചു. ലാഭകരമായും ശാസ്ത്രീയമായും കമ്പനി നടത്തുന്നതിനെ ക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിലേക്കായി റബ്ബർ ബോർഡിലെ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുകയും പ്രാഥമിക റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരി കയും ചെയ്യുന്നു.

7. കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ :

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക മേഖലയിലെ താഴെ പറയുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഫലപ്രദമായി നടത്തിവരുന്നു.

എ) ഓണാട്ടുകര വികസന ഏജൻസി

ബി) കുട്ടനാട് വികസന ഏജൻസി

സി) കോൾവികസന ഏജൻസി, തൃശൂർ

ഡി) തുറവൂർ കരിലാന്റ് വികസന ഏജൻസി.

ഇ) പൊന്നാനി കോൾ വികസന ഏജൻസി

എഫ്) വൈക്കം കരിലാന്റ് വികസന ഏജൻസി

ജി) പുറക്കാട് കരിലാന്റ് വികസന ഏജൻസി

എച്ച്) പൊക്കാളി ലാന്റ് ഡെവലപ്മെന്റ് ഏജൻസി

ഐ) പാലക്കാട് പാഡി ഡെവലപ്മെന്റ് ഏജൻസി

ജെ) വയനാട് പാഡി ഡെവലപ്മെന്റ് ഏജൻസി.

കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കിയ കുട്ടനാട് വികസന പദ്ധതിയിലും തൃശൂർ കോൾ വികസന പദ്ധതിയിലും ഉൾപ്പെടെ 65740 കർഷകർ നൽകേണ്ട പദ്ധതിവിഹിതം ഈ ഗവൺമെന്റ് എഴുതിത്തള്ളുകയുണ്ടായി. ഇതിലേക്കായി ഗവൺമെന്റ് 44.22 കോടി രൂപ പലിശ രഹിതവായ്പയായി കോർപ്പറേഷന് നൽകി. കോർപ്പറേഷൻ പ്രസ്തുത തുക ബാങ്കിന് നൽകി കോർപ്പറേഷന്റെ കടബാധ്യതകളിൽ നിന്നും വിമുക്തമായി.

8. <u>പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള</u> :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി പ്ലാന്റേഷൻ കോർപ്പറേഷനിൽ പല നൂതന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. ഏകദേശം 2 കോടി രൂപ മുതൽമുടക്കുള്ള ഫാം ടൂറിസം പരിപാടിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. സംസ്ഥാന സർക്കാരിന്റെ ഉത്തരവനുസരിച്ച് 16400 ലിറ്റർ ലാറ്റക്സ് ടെക്നോ എക്സ്പോർട്സ് എന്ന സ്ഥാപനം വഴി റഷ്യയിലേക്ക് കയറ്റുമതി ചെയ്തു. 14 കോടി രൂപ മുതൽമുടക്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ 2 വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ തീരുമാനിച്ചു. റബ്ബർ കയ്യുറ നിർമ്മിക്കുന്ന ഫാക്ടറിയും കൺവെയർ ബെൽറ്റ് നിർമ്മാണ ഫാക്ടറിയും തുടങ്ങാനാണ് ഉദ്ദേശ്യം. കോർപ്പറേഷന്റെ കാലടി ഗ്രൂപ്പിൽ ഏകദേശം 750 ഹെക്ടറിൽകൂടി എണ്ണപ്പനക്കൃഷി ആരംഭിക്കുവാൻ തീരുമാനിച്ചു. അതിൽ 500 ഹെക്ടറിൽ ഇതിനോടകം കൃഷിയിറക്കി. എണ്ണപ്പനക്കുരു സംസ്ക്കരിച്ച് പാംഓയിൽ നിർമ്മിക്കുവാനുള്ള ഒരു ഫാക്ടറി സ്ഥാപിക്കാനുള്ള നടപടികൾ എടുത്തുവരുന്നു. ഈ സാമ്പത്തിക വർഷം മുതൽ പത്തു വർഷംകൊണ്ട് മലബാർ മേഖലയിലെ 5000 ഹെക്ടർ സ്ഥലത്ത് അത്യുൽപ്പാദനശേഷിയുള്ള കശുമാവിനങ്ങൾ റിപ്ലാന്റ് ചെയ്യാൻ തീരുമാനിച്ചു. കോർപ്പറേഷന്റെ ഉപയോഗശൂന്യമായ സ്ഥലങ്ങളിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റുമായി സഹകരിച്ച് പൾപ്പ് മരങ്ങൾ വെച്ചുപിടിപ്പിക്കാൻ തീരുമാനിച്ചു. കൂടാതെ രണ്ടു ലക്ഷം തേക്കുതൈകൾ നട്ടു.

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷന്റെ എല്ലാ ഓഫീസുകളും കംപ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ച് ആയതിനുള്ള കരാർ ഐ.എച്ച്.ആർ.ഡി.ഇ. എന്ന സ്ഥാപനവുമായി ഒപ്പുവെച്ചു. ജീവനക്കാർക്ക് മൊത്തത്തിൽ ബാധകമാക്കിക്കൊണ്ടുള്ള ഒരു ഭവനനിർമ്മാണ വായ്പാ പദ്ധതിയും സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ സഹായത്തോടെ പാവപ്പെട്ട തൊഴിലാളികൾക്ക് മൈത്രീ ഭവന നിർമ്മാണ പദ്ധതിയും നടപ്പിലാക്കി.

9. നാളികേര വികസന കോർപ്പറേഷൻ : വളരെക്കാലമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന കോർപ്പറേഷനിൽ വി.ആർ. നടപ്പാക്കുന്നതിനും കോർപ്പറേഷൻ ലിക്വിഡേറ്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. കേരള ആഗ്രോ മെഷിനറി കോർപ്പറേഷൻ :

തൃശൂർ ജില്ലയിലെ മാളയിൽ പുതിയ ഒരു പവർ റീപ്പർ യൂണിറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകി. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കമ്പനിയുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി വിവിധയിനം കാർഷിക യന്ത്രങ്ങൾ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിനും അനുമതി നൽകി. ഇത് സംബന്ധിച്ച നടപടികൾ കമ്പനി പൂർത്തിയാക്കിവരുന്നു. ഈ സ്ഥാപനം നിർമ്മിച്ച മെതിയന്ത്രങ്ങൾ സുഡാനിലേക്ക് കയറ്റി അയയ്ക്കുന്നു. ഏകദേശം 9 കോടി രൂപ ലാഭത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്.

100 (3425) പൊക്കാളി കൃഷിയുടെ അഭിവൃദ്ധി

ശ്രീ. യു.എസ്. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊക്കാളി കൃഷിയുടെ അഭിവൃദ്ധി ലക്ഷ്യമാക്കി ഒരു പൊക്കാളി കൃഷി വികസന ഏജൻസി രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഈ ഏജൻസിയുടെ പരിധിയിൽ തൃശൂർ ജില്ലയുടെ കൊടുങ്ങല്ലൂർ, മുകുന്ദപുരം താലൂക്കുകൾ ഉൾപ്പെടുമോ;

(സി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളാണെന്ന് വ്യക്തമാക്കുമോ;

(ഡി) പൊക്കാളി കൃഷിക്കാർക്ക് കൊടുക്കുന്ന സഹായങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) കൊടുങ്ങല്ലൂർ, ചാപ്പാറ, പുല്ലൂറ്റ്, നാരായണമംഗലം, പൊക്ക, കൃഷ്ണൻകോട്ട, ശ്രീനാരായണപുരം, വാള എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നു.

(ഡി) പൊക്കാളി നെൽക്കൃഷി വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്, ബണ്ടുകൾ, കനാലുകൾ, ചാലുകൾ എന്നിവ നിർമ്മിച്ചുകൊടുക്കുകയും ഉൽപ്പാദനോപാധികൾ വിതരണം

LIBRARY ARCHIVES Kerala Legislative Assembly